# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| | |
|---|---|
| **ഏപ്രിൽ 21**<br>**APRIL 21** | **2019** |

***1194 മേടം 07* ഞായർ**

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **dioksgd@gmail.com** **ഫോൺ 04994 255145**


## ഉദ്യോഗസ്ഥർ നിഷ്പക്ഷവും നീതിപൂർവ്വവുമായി ചുമതല നിർവ്വഹിക്കണം: ജില്ലാ കളക്റ്റർ

ഏപ്രിൽ 23ന് നടക്കുന്ന ലോക് സഭാ തെരഞ്ഞെടുപ്പിന് നിയോഗിക്കപ്പെട്ട പോളിങ് ഉദ്യോഗസ്ഥർ നിഷ്പക്ഷവും നീതിപൂർവ്വവുമായി ചുമതലകൾ നിർവ്വഹിക്കണമെന്ന് ജില്ലാ കളക്റ്റർ ഡോ. സജിത് ബാബു പറഞ്ഞു. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോട് വിധേയത്വമോ പക്ഷപാതിത്വമോ പാടില്ല. എല്ലാവർക്കും തുല്ല്യ പരിഗണന നൽകണം. സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് ഉറപ്പ് വരുത്തണം. വോട്ടെടുപ്പുമായി ബന്ധപ്പെട്ട വിവിധ നടപടിക്രമങ്ങളിൽ ജനപ്രാതിനിത്യ നിയമമനുസരിച്ചും തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗ നിർദ്ധേശങ്ങള നുസനുസരിച്ചുമാണ് പ്രവർത്തിക്കേണ്ടത്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും കൃത്യമായ നിയമങ്ങളും നിർദേശങ്ങളുമുണ്ട്. ഇത് പാലിക്കണം.

വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

## കള്ളവോട്ട്: ഒരു വർഷം വരെ തടവ് ലഭിക്കും.

മറ്റൊരാളുടെ വോട്ട് ചെയ്യാൻ ശ്രമിക്കുകയോ തന്റെ തന്നെ വോട്ട് മുമ്പ് ചെയ്ത വിവരം മറച്ച് വെച്ച് വീണ്ടും വോട്ട് ചെയ്യാൻ ശ്രമിക്കയോ ചെയ്യുന്നത് ജന പ്രതിനിത്യ നിയമമനുസരിച്ചും ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ചം കുറ്റകരമാണ്. ഐ.പി.സി. 171 എഫ് അനുസരിച്ച് ഒരു വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണ്. ആരുടെയെങ്കിലും പ്രേരണയ്ക്ക് വഴങ്ങിയാണ് കള്ളവോട് ചെയ്യാൻ ശ്രമിച്ചതെങ്കിലും ശിക്ഷയിൽ നിന്ന് ഒഴിവാകുകയില്ല. മറ്റൊരാളുടെ തിരിച്ചറിയൽ രേഖ വ്യാജമായിട്ട് ഉണ്ടാക്കിയാണ് വോട്ട് ചെയ്യാൻ ശ്രമിച്ചതെങ്കിൽ വ്യാജരേഖ ചമച്ചതിനും ആൾമാറാട്ടം നടത്തിയതിനും കൂടി കേസ് രജിസ്റ്റർ ചെയ്യും. അയൽ സംസ്ഥാനങ്ങളിൽ വോട്ട് ചെയ്ത അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്നവർ കാസർഗോഡ് മണ്ഡലത്തിൽ വോട്ട് ചെയ്യുന്നത് തടയാൻ പ്രത്യേക നിരീക്ഷകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ വോട്ട് ചെയ്യാൻ ശ്രമിക്കുന്നവർക്കെതിരെയും കർശന നടപടിയുണ്ടാവുമെന്നും ജില്ലാ കളക്റ്റർ ഡോ. സജിത് ബാബു പറഞ്ഞു.

വിദേശത്തോ സംസ്ഥാനത്തിന് പുറത്തോ ഉള്ള വോട്ടറുടെയും വോട്ടേഴ്സ് ലിസറ്റിൽ പേരുള്ള മരിച്ച ആളുടേയും തിരിച്ചറിയൽ രേഖ മറ്റാരെങ്കിലും ആവശ്യപ്പെട്ടാൽ നൽകരുത്. ഇതുപയോഗിച്ച് കള്ളവോട്ട് ചെയ്യാൻ ശ്രമിച്ചാൽ നൽകിയ ആൾക്കെതിരെയും നടപടിയുണ്ടാവും. യഥാർത്ഥ വോട്ടർ തന്നെയാണ് വോട്ട് ചെയ്യുന്നതെന്ന് പോളിങ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തണം. വോട്ടറുടെ ഐഡൻറിറ്റി സംബസിച്ച് പരാതിയുണ്ടെങ്കിൽ നിയമാനുസൃത നടപടികൾ പൂർത്തിയാക്കിയ ശേഷമേ വോട്ട് ചെയ്യാൻ അനുവദിക്കാവൂ. ടെൻഡർ വോട്ട് വോട്ടിങ് യന്ത്രത്തിൽ ചെയ്യാൻ അനുവദിക്കരുത്.

എതെങ്കിലും സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാൻ വേണ്ടി പണമോ പാരിതോഷികങ്ങളോ നൽകുകയോ ഭീഷണിപ്പെടുത്തകയോ വോട്ട് ചെയ്യാതിരിക്കാൻ പ്രേരിപ്പിക്കുകയോ ഭീഷണിപ്പെടുത്തകയോ വോട്ടെടുപ്പിന് ഏതെങ്കിലും വിധത്തിൽ തടസ്സമുണ്ടാക്കുകയോ പോളിങ് ബൂത്തിലോ ബൂത്തിന് സമീപമോ സംഘർഷമുണ്ടാക്കിയാലും കർശന നടപടികൾ നേരിടേണ്ടി വരും.

### ടെന്റേർഡ് വോട്ട്

വോട്ടിങ്ങിനായി വോട്ടർ കടന്ന് വരികയും അദ്ദേഹത്തിന്റെ വോട്ട് മറ്റൊരാൾ രേഖപ്പെടുത്തി പോയി എന്ന് പ്രിസൈഡിങ്ങ് ഓഫീസർക്ക് ഉറപ്പാകുന്ന സാഹചര്യത്തിൽ അദ്ദേഹത്തിന് ടെൻഡേർഡ് വോട്ട് അനുവദിക്കാം. ടെൻഡേർഡ് വോട്ടിങ്ങ് യന്ത്രത്തിൽ രേഖപ്പെടുത്താൻ പാടില്ല. ഇതിനായി ബാലറ്റ് പേപ്പർ ഉപയോഗിക്കുന്നതും വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ സീൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ വിവരങ്ങൾ 17എ. രജിസ്റ്ററിലാണ് രേഖപ്പെടുത്തേണ്ടത്.

## ചലഞ്ച്ഡ് വോട്ട്

വോട്ടറുടെ ഐഡന്റിറ്റിയെ കുറിച്ച് പോളിങ്ങ് ഏജന്റിന് തർക്കമുണ്ടെങ്കിൽ 2 രൂപ കെട്ടി വച്ചതിന് ശേഷം തർക്കം ഉന്നയിക്കാം. ഈ വിഷയം സംബന്ധിച്ച് പ്രിസൈഡിങ്ങ് ഓഫീസർ സമ്മറി വിചാരണ നടത്തേണ്ടതും തർക്കം സ്ഥാപിക്കപ്പെട്ടില്ലെങ്കിൽ വോട്ടർക്ക് വോട്ട് ചെയ്യാൻ അനുവാദവും നൽകണം .തർക്കം സ്ഥാപിക്കപ്പെടുകയാണെങ്കിൽ തർക്ക വിധേയനായ വ്യക്തിയെ പോലീസിന് കൈമാറണം .

## പ്രോക്സി വോട്ട്

സി എസ്.വി (ക്ളാസിഫൈഡ് സർവീസ് വോട്ടർ)പട്ടികയിലുള്ള ആളിനു വേണ്ടി പ്രോക്സിയായി നിയമിക്കുന്ന ആളിന് വോട്ട് രേഖപ്പെടുത്താം. അപ്രകാരം വോട്ട് ചെയ്യുമ്പോൾ പ്രോക്സിയുടെ ഇടത് കൈയ്യിലെ നടുവിരൽ മഷി പുരട്ടണം

# ലോക്സഭാ തെരഞ്ഞെടുപ്പ് :ഉദ്യോഗസ്ഥർക്ക് നൂറിൽ നൂറ്

കാസർകോട് സിവിൽ സ്റ്റേഷനിലെ റവന്യൂ വകുപ്പ് ജീവനക്കാർ രാത്രി ഏറെ വൈകിയും തിരക്കിലാണ്.ഏപ്രിൽ 23 ന് നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പ് സുഗമമായി നടത്താനുള്ള കൂട്ടയായ പരിശ്രമത്തിലാണ് കഴിഞ്ഞ മൂന്ന് മാസത്തോളമായി ഇവർ. ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബുവിന്റെ നേതൃത്വത്തിലാണ് കുറ്റമറ്റ രീതിയിൽ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കിയത്. ജീവനക്കാരുടെ ഔദ്യോഗിക ചുമതലാ നിർവ്വണത്തിന് രവെന്നോ,പകലെന്നോ,അവധി ദിവസമെന്നോ,പ്രവൃത്തി ദിവസമെന്നോ വ്യത്യാസമില്ല.പ്രത്യേകിച്ച് തെരഞ്ഞെടുപ്പ് വിഭാഗത്തിലെ ജീവനക്കാർ.അതിരാവിലെ ഓഫീസിൽ എത്തുന്ന ഇവരിൽ പലരും നേരം പുലരും വരെ ചുമതലകളിൽ വ്യാപൃതരാണ്.

തെരഞ്ഞെടുപ്പ് നിരീക്ഷകർ ആവശ്യപ്പെടുന്ന അടിയന്തിര റിപ്പോർട്ടുകൾ സമർപ്പിക്കുക, കാസർകോട് ലോക്സഭ മണ്ഡലത്തിലെ അഞ്ച് ഉപവരണാധികാരികളെ തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സഹായിക്കുക, പോളിങ് സാധന സാമഗ്രികൾ യഥാക്രമം ബന്ധപ്പെട്ട സ്ഥലങ്ങളിൽ എത്തിക്കുക, പോളിങ് ജോലിക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക,തെരഞ്ഞെടുപ്പ് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ നൂറുകൂട്ടം ജോലികളാണ് ഇവർ ഒരേ സമയം ചെയ്യുന്നത്. പൊതുജനങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പരാതികൾ യഥാസമയം പരിഹരിക്കുകയും വേണം. വിവിധ വകുപ്പുകളുമായും നോഡൽ ഓഫീസർമാരുമായും ബന്ധപ്പെട്ട ജോലികൾ ഏകോപിപ്പിക്കുകയും വേണം.

തെരഞ്ഞെടുപ്പ് വിജ്ഞാപനം വരുന്നതിന് മുമ്പ് തന്നെ, ആന്റി ഡിഫേസ്മെൻറ് സ്ക്വാഡ്, സ്റ്റാറ്റിക് സർവ്വലൻസ് ടീം ,വീഡിയോ സർവ്വലസ് ടീം, എക്സ്പെൻഡിച്ചർ മോണിറ്ററിംഗ് ടീം തുടങ്ങിയവ രൂപീകരിച്ചു. ഇതിന്റെ പ്രവർത്തനങ്ങളുടെ തിരക്കിലായിരുന്നു ജീവനക്കാർ.

ഇതിനെല്ലാം പുറമെ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട യോഗങ്ങൾ സംഘടിപ്പിക്കുക, തെരഞ്ഞെടുപ്പ് ചെലവ് കണക്കാക്കുക,പെരുമാറ്റ ചട്ടലംഘനം നിരീക്ഷിക്കുക തുടങ്ങിയ നിരവധി കാര്യങ്ങൾ സമയബന്ധിതമായി ചെയ്യാൻ ജീവനക്കാർ തീവ്രമായി പ്രവർത്തിച്ചു.

എഡിഎം സി ബിജു, തെരഞ്ഞെടുപ്പ് വിഭാഗം ഡപ്യൂട്ടി കളക്ടർ വി.പി അബ്ദുറഹിമാൻ, ജൂനിയർ സൂപ്രണ്ട് ഗോവിന്ദൻ രാവണേശ്വരം, കെൽട്രോൺ പോഗ്രാമർ എ വി ഷീജ, സീനിയർ ക്ലർക്കുമാരായ കെ ടി വിനോദ്, സുരേഷ്,സുജിത്ത് കുമാർ, സതീശൻ പൊയ്യോക്കോട് തുടങ്ങിയവരാണ് തെരഞ്ഞെടുപ്പ് വിഭാഗത്തിൽ ജോലിചെയ്യുന്നത്.

## ഫോട്ടോ അടിക്കുറിപ്പ്(നൈറ്റ് വ്യൂ)

രാത്രി ഏറെ വൈകിയും കളക്ടറേറ്റിലെ ഓഫീസുകൾ തെരഞ്ഞെടുപ്പ് ജോലികൾക്കായി തുറന്ന് പ്രവർത്തിക്കുന്നു.

# പോളിങ് ബൂത്തിൽ പതിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഏഴ് പോസ്റ്ററുകൾ

തെരഞ്ഞെടുപ്പ് ദിനത്തിൽ ഓരോ പോളിങ് ബൂത്തുകളിലും പതിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ഏഴ് പോസ്റ്ററുകൾ പുറത്തിറക്കി. തെരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിന് സഹായിക്കുന്നതാണ് ഈ പോസ്റ്ററുകൾ. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രിൻ്റഡ് രൂപത്തിലുള്ളതാണ് പോസ്റ്ററുകൾ. പോസ്റ്ററുകളിൽ പോളിങ് കേന്ദ്രത്തിൽ വോട്ടർ എങ്ങനെ പെരുമാറണമെന്നും എന്തൊക്കെ ചെയ്യരുതെന്നും ചിത്രസഹായത്തോടെ ലളിതമായി പ്രതിപാദിക്കുന്നു. മോക് പോളിന്റെ സമയത്ത് ശ്രദ്ധിക്കേണ്ട ആറുകാര്യങ്ങൾ, എങ്ങനെ വോട്ട് ചെയ്യാം, വിവിപാറ്റിന്റെ പ്രവർത്തനം, അതത് പോളിങ് സ്റ്റേഷനെ പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ, ഫോട്ടോ അടക്കമുള്ള സ്ഥാനാർത്ഥി പട്ടിക, വോട്ട് ചെയ്യാൻ തിരിച്ചറിയൽ രേഖകളായി എന്തൊക്കെ ഉപയോഗിക്കാം തുടങ്ങിയ അടിസ്ഥാന വിവരങ്ങളാണ് പോസ്റ്ററുകളിൽ ഉൾക്കൊളിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് പോളിങ് സാമഗ്രികളോടെപ്പം പോസ്റ്ററുകൾ കൂടി വിതരണം ചെയ്യും.

# ജില്ലയിൽ ലോക്സഭാ തെരഞ്ഞെടുപ്പ് ഒരുക്കങ്ങൾ പൂർത്തിയായി

ജില്ലയിൽ ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ജില്ലാ കളക്റ്റർ ഡോ. സജിത് ബാബു അറിയിച്ചു. പോളിങ് സ്റ്റേഷനുകളിലേക്കുള്ള ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളും പോളിങ് സാധന സാമഗ്രികളും വിതരണത്തിന് തയ്യാറായി. പോളിങ് സാമഗ്രികൾ കിറ്റുകളിലും ബോക്സുകളിലുമായാണ് സജ്ജീകരിച്ചിരുന്നത്. ഇന്ന് (ഏപ്രിൽ 22) രാവിലെ എട്ടിന് കാസർകോട് ഗവൺമെന്റ് കോളേജ്, പടന്നക്കാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജ് എന്നീ സ്ഥലങ്ങളിലാണ് ജില്ലയിൽ പോളിങ് സാമഗ്രികൾ വിതരണം ചെയ്യുന്നത്. രാവിലെ എട്ടിന് കാസർകോട് ഗവൺമെന്റ് കോളേജിൽ എത്തുന്ന പോളിങ് ഉദ്യോഗസ്ഥരെ ജില്ലാ കളക്ടർ ഡോ ഡി സജിത്ത് ബാബുവും പടന്നക്കാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിൽ എത്തുന്നവരെ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ വി പി അബ്ദു റഹിമാനും കല്യാശേരി, പയ്യന്നൂർ മണ്ഡലങ്ങളുടെ വിതരണ കേന്ദ്രങ്ങളിൽ എത്തുന്ന പോളിങ് ഉദ്യോഗസ്ഥരെ എ.ഡി.എം സി ബിജുവും സ്വീകരിക്കും. വിതരണ കേന്ദ്രങ്ങളിൽ പ്രത്യേകം സജ്ജമാക്കിയ കൗണ്ടറുകൾ വഴിയാണ് പോളിങ് മെറ്റീരിയലുകൾ വിതരണം ചെയ്യുന്നത്. ഇതിനായി പ്രത്യേകം ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുണ്ട്.

11 മണിയോടെ പോളിങ് ഉദ്യോഗസ്ഥരെയും കൊണ്ട് വാഹനങ്ങൾ അതത് നിയമസഭാ മണ്ഡലങ്ങളിലെ പോളിങ് ബൂത്തിലേക്ക് പുറപ്പെടും. പോളിങ് സ്റ്റേഷനുകളെ സെക്ടറാക്കി തരം തിരിച്ച് മേൽനോട്ടവും തെരഞ്ഞെടുപ്പ് നിയമങ്ങളുടെ പരിപാലനവും ഉറപ്പ് വരുത്തുന്നതിന് സെക്റ്ററൽ മജിസ്ട്രേറ്റുമാരെയാണ് ഏൽപ്പിച്ചിരിക്കുന്നത്. പോളിങ് ഉദ്യോഗസ്ഥർ ബൂത്തിൽ എത്തി കഴിഞ്ഞാലുടൻ സെക്ടറൽ മജിസ്ട്രേറ്റുമാർ ഓരോ ബൂത്തിലും എത്തി ഒരുക്കങ്ങൾ ഉറപ്പ് വരുത്തും. പോളിങ് ബൂത്തുകളെ വോട്ടെടുപ്പ് സുഗമമായി നടത്തുന്നതിന് അനുഗുണമായ രീതിയിൽ ഉദ്യോഗസ്ഥർ ക്രമീകരിക്കും. തുടർന്ന് പോളിങ് ഏജന്റുമാർക്കുള്ള പാസുകൾ വിതരണം ചെയ്യും. അതോടൊപ്പം മോക്പോൾ തുടങ്ങുന്ന സമയവും പോളിങ് ഏജൻറുമാരെ അറിയിക്കും. 71 മൈക്രോ ഒബ്സർവർമാരെ പ്രശ്ന ബാധിത ലൊക്കേഷനുകളിൽ വിന്യസിപ്പിട്ടുണ്ട്. പോളിങ് ഉദ്യോഗസ്ഥർക്ക് ഭക്ഷണം വിതരണം ചെയ്യാനുള്ള ചുമതല ജില്ലാ കുടുംബശ്രീ മിഷനാണ്.

തെരഞ്ഞെടുപ്പിന് ശേഷം, പോളിങ് ഉദ്യോഗസ്ഥർ പോളിങ് സാമഗ്രികൾ അതത് കേന്ദ്രങ്ങളിൽ തിരിച്ചേൽപ്പിക്കണം. ഓരോ കേന്ദ്രങ്ങളിലും ഇതിനായി 15 കൗണ്ടറുകൾ ഉണ്ടായിരിക്കും. ഒരു കൗണ്ടറിൽ സൂപ്പർവൈസർ, 2 അസിസ്റ്റന്റുമാർ എന്നിവർ ഉണ്ടാകും. ഓരോ നിയോജക മണ്ഡലത്തിലെയും എ ആർ ഒ യുടെ കീഴിലാണ് കൗണ്ടർ പ്രവർത്തിക്കുന്നത്. ഒരു കൗണ്ടറിന്റെ കീഴിൽ 12 - 13 പോളിങ് സ്റ്റേഷൻ ഉണ്ടാകും. ഓരോ കൗണ്ടറിന്റെ മുകളിലും അതത് പോളിങ് സ്റ്റേഷന്റെ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ടാകും. കൗണ്ടറുകളിൽ ശേഖരിച്ച് കഴിഞ്ഞാൽ, വിവിപാറ്റ് അടക്കമുള്ള വോട്ടിങ്ങ യന്ത്രങ്ങൾ അന്ന് തന്നെ നെഹ്റു കോളേജിൽ സജ്ജമാക്കിയ സ്ട്രോങ്ങ് റൂമിലേക്ക് മാറ്റും. അതിന് ശേഷം സീൽ ചെയ്ത് താക്കോൽ പോലീസിന് കൈമാറും.

## കാസർകോട് ലോക്സഭാ മണ്ഡത്തിൽ നിന്ന് ജനവിധി തേടു ന്നത് 9 പേർ

അഡ്വ.ബഷീർ ആലടി (ബി എസ് പി), രവീശ തന്ത്രി കുണ്ടാർ (ഭാരതീയ ജനതാ പാർട്ടി), രാജ് മോഹൻ ഉണ്ണിത്താൻ (ഐ എൻ സി), കെ.പി സതീഷ് ചന്ദ്രൻ (സി പി ഐ എം), ഗോവിന്ദൻ ബി ആലിൻതാഴെ (സ്വതന്ത്രൻ), നരേന്ദ്രകുമാർ കെ (സ്വതന്ത്രൻ), രണദിവൻ ആർ കെ (സ്വതന്ത്രൻ), രമേശൻ ബന്തടുക്ക (സ്വതന്ത്രൻ), സജി (സ്വതന്ത്രൻ) എന്നിവരാണ് കാസർകോട് ലോക്സഭാ മണ്ഡലത്തിൽ നിന്നും

ജനവിധി തേടുന്നത്.ഇതിനുപുറമേ നോട്ടയുടെ ബട്ടണും ബാലറ്റ് യൂണിറ്റിൽ ഉണ്ടാകും.

**ഫോട്ടോ അടിക്കുറിപ്പ്: ബാലറ്റ് യൂണിറ്റ്**

## ഇന്ന് അവധി

പോളിങ് സാധന-സാമഗ്രികളുടെ വിതരണ കേന്ദ്രങ്ങൾക്കും പോളിങ് സ്റ്റേഷനുകൾക്കും ഇന്ന് (ഏപ്രിൽ 22) അവധിയായിരിക്കുമെന്ന് ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു അറിയിച്ചു.

## മാധ്യമ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

ലോക്സഭാ തെരഞ്ഞെടുപ്പിന് മാധ്യമപ്രവർത്തകർക്കുള്ള തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് ഏപ്രിൽ 22 ന് രാവിലെ 10.30 മുതൽ വൈകീട്ട് അഞ്ചു വരെ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നിന്നും വിതരണം ചെയ്യും. അപേക്ഷ നൽകിയവർ നേരിട്ടെത്തി കാർഡ് കൈപ്പറ്റണം

ജില്ലാ ഇൻഫർമേഷൻ ഓഫീസർ

കാസർകോട്